# കുടുംബശ്രീ കോട്ടയം ജില്ലാ മിഷൻ

**മൂന്നിലവ് ഗ്രാമപഞ്ചായത് കുടുംബശ്രീ സി ഡി എസ്**

**ഈരാറ്റുപേട്ട ബ്ലോക്ക്**

# കോവിഡ് സമയത്തെ കുടുംബശ്രീ പ്രവർത്തനങ്ങൾ


**ആര്യലക്ഷ്മി അജയ്**

**ബ്ലോക്ക് കോഓർഡിനേറ്റർ (എം.ഐ .എസ്.)**

**ഈരാറ്റുപേട്ട ബ്ലോക്ക്**

## ആമുഖം

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്കിലെ ഒരു മലയോര ഗ്രാമമാണ് മൂന്നിലവ്. പ്രകൃതിമനോഹരമായ ഗ്രാമഭംഗിയും മാനം മുട്ടുന്ന മലകളും കുന്നുകളും മൂന്നിലവിന്റെ പ്രത്യേകതയാണ് .. വിനോദസഞ്ചാരികളുടെ ഇഷ്ടകേന്ദ്രമായ ഇല്ലിക്കൽ കല്ല് സ്ഥിതിചെയ്യുന്നത് മൂന്നിലവ് പഞ്ചായത്തിലാണ് ..

2003 ലാണ് മൂന്നിലവ് ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. .അന്ന് മുതൽ ഇന്ന് വരെ പഞ്ചായത്തിന്റെയും ജില്ലാ മിഷന്റെയും സഹകരണത്തോടെ മൂന്നിലവ് കുടുംബശ്രീ സി.ഡി.എസ്. നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു .സി ഡി എസിൽ 88 അയൽക്കൂട്ടങ്ങളിലായി 1620 അംഗങ്ങളുണ്ട്. 22 എസ് റ്റി ഗ്രൂപ്പും 1 എസ്. സി. ഗ്രൂപ്പും 3 വയോജന ഗ്രൂപ്പും ഉണ്ട്. കൂടാതെ 32 ജെ.എല്.ജി. ഗ്രൂപ്പുകളും 7 ഗ്രൂപ്പ് സംരംഭങ്ങളും 23 വ്യക്തിഗത സംരംഭങ്ങളും സി.ഡി.എസിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു ..സി.ഡി.എസ്. ചെയർപേഴ്സൺ ശ്രീമതി. റോസമ്മ തോമസ്,13 അംഗ ഭരണസമിതി, ,മെമ്പർ സെക്രട്ടറി ജോൺസൺ കെ. ജോർജ്,, അകൗണ്ടന്റ് രമ്യമോൾ എന്നിവർ സി.ഡി.എസിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടു കൊണ്ടുപോകുന്നതിൽ നിർണായക പങ്കുവഹിക്കുന്നു. .

## കോവിഡ് കാലത്ത് സി.ഡി.എസിന്റെ പ്രവർത്തനം

### കമ്മ്യൂണിറ്റി കിച്ചൺ

അപ്രതീക്ഷിതമായി ലോകത്തെ ഗ്രസിച്ച കോവിഡ് 19 എന്ന മഹാമാരിയെ അതിജീവിക്കാൻ സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനവും കൈക്കൊള്ളുന്ന എല്ലാ പ്രവർത്തനങ്ങളിലും സി.ഡി.എസും പങ്കാളിയായി .

സർക്കാർ നിർദ്ദേശമനുസരിച് ലോക്ക് ഡൌൺ കാലത്ത് എല്ലാവർക്കും ഭക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ മാർച്ച് 28 ആം തീയതി മേച്ചാൽ ഗവ.യു.പി. സ്കൂളിൽ സി.ഡി.എസ് ചെയർപേഴ്സന്റെ നേതൃത്വത്തിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ മെയ് 17 വരെ പ്രവർത്തിച്ചു. ആദ്യനാളുകളിൽ പ്രതിദിനം ശരാശരി 50 ഭക്ഷണ പൊതികൾ സന്നദ്ധസേവകരുടെ സഹായത്തോടെ അഗതികൾ ,,,ആശ്രയ ഗുണഭോക്താക്കൾ, ,വയോജനങ്ങൾ, ,അതിഥി തൊഴിലാളികൾ എന്നിവർക്ക് എത്തിച്ചു നൽകിയിരുന്നു. ആദ്യമാസത്തിനു ശേഷം ശരാശരി 20 ഭക്ഷണപ്പൊതികൾ അർഹതപ്പെട്ടവർക്കു എത്തിച്ചു നൽകുവാൻ സാധിച്ചു . .സി.ഡി.എസ്

ചെയർപേഴ്സൺ ഉൾപ്പെടെ 5 കുടുംബശ്രീ അംഗങ്ങൾ ആദ്യ മാസവും മറ്റു 5 കുടുംബശ്രീ അംഗങ്ങൾ അടങ്ങുന്ന സംഘം രണ്ടാം മാസവും സേവനസന്നദ്ധതയോടെ കർമ്മനിരതരായി കമ്മ്യൂണിറ്റി കിച്ചണിൽ . പ്രവർത്തിച്ചു.





**.മാസ്ക് നിർമ്മാണം**

കോവിഡ് പ്രതിരോധത്തിനായുള്ള ഏറ്റവും ഫലപ്രദമായ ആയുധമായ മാസ്ക് നിർമ്മിക്കുന്നതിലും സി.ഡി.എസ് മുൻപന്തിയിലാണ്.സി.ഡി.എസിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സംരംഭമായ ഗ്രാമദീപം തയ്യൽ യൂണിറ്റിലൂടെ സാധാരണക്കാരായ സ്ത്രീകൾ കോട്ടയം മെഡിക്കൽ കോളേജ്, ,മൂന്നിലവ് സാമൂഹിക ആരോഗ്യ കേന്ദ്രം,, മെഡിക്കൽ സ്റ്റോറുകൾ, ,മറ്റു കടകൾ എന്നിവിടങ്ങളിലേക്കായി 15760 മാസ്കുകൾ തയ്ച്ചു നൽകി സമൂഹത്തിനു മാതൃകയായി.

 

**3 .സി.എം .എച്ച് .എൽ .എസ് ലോൺ**

ലോക്ക് ഡൗൺ സമയത്തു സാധാരണക്കാരന്റെ തൊഴിൽജീവിതം ബാധിക്കപ്പെട്ടേക്കാമെന്നും ഓരോ കുടുംബവും തങ്ങളുടെ നിത്യ ചെലവിനുപോലും കഷ്ടപ്പെട്ടേക്കാമെന്നും മുൻകൂട്ടി കണ്ട് അതിനു തടയിടാൻ സർക്കാർ വിഭാവനം ചെയ്ത മുഖ്യമന്ത്രിയുടെ സഹായ ഹസ്തം ലോൺ പദ്ധതി മൂന്നിലവ് സി.ഡി.എസ് നടപ്പിലാക്കി..മാനദണ്ഡ പ്രകാരം സി.ഡി.എസിൽ പ്രോസസ്സ് ചെയ്ത ശേഷം 30 അപേക്ഷകളാണ് ബാങ്കിൽ സമർപ്പിച്ചിരിക്കുന്നത് ..315 അർഹരായ അംഗങ്ങൾക്കായി 1745000 രൂപയാണ് ബാങ്കിനോട് ആവശ്യപ്പെട്ടിരിക്കുന്നത് .ഈ മാസം അവസാനം ലോൺ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മറ്റു പ്രവർത്തനങ്ങൾ**

1.സമകാലിക പശ്ചാത്തലത്തിൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടത് ആവശ്യമായതിനാൽ വിഷരഹിതമായ പച്ചക്കറികൾ സ്വന്തം അടുക്കളത്തോട്ടത്തിൽ ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം കുടുംബശ്രീ ജില്ലാമിഷൻ MKSP വിഷു നാളിൽ ജൈവാങ്കണം - അടുക്കളപ്പുറത്തൊരു ജൈവകൃഷി എന്ന പേരിൽ ആരംഭിച്ച മത്സരത്തിൽ കുടുംബശ്രീ അംഗങ്ങളും സി.ഡി.എസ് മെമ്പർമാരും പങ്കെടുത്തു.

2.കോവിഡ് കാലത്ത് വയോജനങ്ങളുടെയും ,ആശ്രയഗുണഭോക്താക്കളുടെയും കാര്യത്തിൽ ജില്ലാമിഷൻ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട് . അവർക്ക് പ്രത്യേക പരിഗണനയും കരുതലും നൽകുന്നതിന് റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ നിരന്തരം ഫോൺ വഴി ബന്ധപ്പെട്ട് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുകയും

അവർക്ക് ആവശ്യമായ മരുന്ന്, ഭക്ഷണം എന്നിവ എത്തിക്കുന്നതിന് വേണ്ട സഹായങ്ങളും ചെയ്യുന്നുണ്ട്. മൂന്നിലവ് സി.ഡി.എസിൽ 2 റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ 116 ആശ്രയ ഗുണഭോക്താക്കളെ വിളിച്ച് ആവശ്യമായ സഹായങ്ങൾ നൽകി.

**സുഭിക്ഷം പദ്ധതി**

കൃഷി വകുപ്പുമായി സഹകരിച്ച് ഹരിതകേരള മിഷൻ നടത്തുന്ന സുഭിക്ഷം പദ്ധതിയിൽ  പഞ്ചായത്തിലെ 2 ആം വാർഡിലെ 4 ഏക്കർ തരിശു നിലത്ത് കുടുംബശ്രീ അംഗങ്ങൾ കൃഷി ആരംഭിച്ചു.



സുഭിക്ഷം പദ്ധതിക്ക് തുടക്കം

**ഭാവി പ്രവർത്തനങ്ങൾ**

- വിശപ്പു രഹിത കേരളം പദ്ധതിയുടെ ഭാഗമായി ജനകീയ ഹോട്ടലിന്റെ പ്രവർത്തനം തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്..
- കോവിഡ്  സുരക്ഷ മുന്കരുതലിന്റെ ഭാഗമായി കുടുംബശ്രീ സംരഭ യൂണിറ്റുകൾ മുഖേന മാസ്കുകൾ നിർമ്മിക്കുന്നത് തുടരും..
- ഭക്ഷ്യക്ഷാമം ഒഴിവാക്കുന്നതിനും പ്രാദേശികമായ കാർഷിക ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും  ആവശ്യമായ പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ നടപ്പിലാക്കും..
- വയോജനങ്ങൾ ,ആശ്രയ ഗുണഭോക്താക്കൾ എന്നിവരെ സി.ഡി.എസ്, ,എ ഡിഎസ് അംഗങ്ങൾ വഴി നിരന്തരം ബന്ധപ്പെട്ടുകൊണ്ട് അവരുടെ സുരക്ഷ ഉറപ്പാക്കും..